Proceedings

of

THE TRAVANCORE SRI CHITRA STATE COUNCIL.

(OFFICIAL REPORT.)

THIRD COUNCIL.]

Volume XXVI—No. 3.

THIRD SESSION—SECOND MEETING 1945 | 1120.

LIBRARY ARCHIVES Kerala Legislative Assembly

Saturday, the 11th August 1945|27th Karkadagom 1120.

The Council met at 12 noon in the Council Chamber, Public Offices, with Sachivottama Sir C. P. Ramaswami Aiyar, K. C. S I., K. C. I. E., LL. D., Dewan-President in the Chair.

NEW MEMBERS.

The following members took the oath and signed the Rolls.

1. Mr. T. K. Gopalan Nair (*Secretary to Government.*)
2. Mr. C. Kumara Das (*Do.*)
3. Mr. P. G. Narayanan Unnithan (*Excise Commissioner*).
4. Rao Bahadur T. V. Venkateswara Aiyar (*Conservator of Forests.*)

QUESTIONS AND ANSWERS.

Christian Federation.

29. ***Mr. A. N. Satyanesan** (*Nominated*) : Will the Government be pleased to state :

(*a*) whether they are aware of the identity of the persons who took part in the All-India Christian Federation as ostensible representatives from Travancore ; and

[Mr. A. N. Satyanesan]

(*b*) whether they are aware of any individual having under taken the full responsibility of opening a branch of the Federation in the State?

Mr. G. Narayanan Tampi (*Secretary to Government*): (*a*) No.

(*b*) No.

Mr. A. N. Satyanesan: മതസംബന്ധമായ സ്വസ്ഥതയെ നശിപ്പിക്കുന്ന ചില പ്രസ്താവനകൾ ഇവിടത്തെ പ്രധാനപ്പെട്ട ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. G. Narayanan Tampi: അങ്ങിനെ ചില പ്രസ്താവനകൾ ഉണ്ടായിട്ടുള്ളതായി അറിയാം. എന്നാൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

Mr. A. N. Satyanesan: ബ്രിട്ടീഷ് ഇൻഡ്യയിൽ നിന്നും വ്യവസായത്തിനായി ഇവിടെ വന്നിരിക്കുന്ന മിസ്റ്റർ എ. വി. തോമസ്സ് ഇവിടെയുള്ള ക്രിസ്ത്യാനികളുടെ ഒരു രാഷ്ട്രീയസംഘടനാ എന്ന ഭാവത്തിൽ എന്തോ ഒന്നു സ്ഥാപിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

Mr. G. Narayanan Tampi: ബഹുമാനപ്പെട്ട മെംബർ ഇപ്പോഴാണ് ഇവിടെ പറഞ്ഞറിയാൻ കഴിഞ്ഞു എന്നല്ലാതെ അതിൽ കൂടുതലായി അതിനെപ്പറ്റി ഒന്നും ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

Mr. A. N. Satyanesan: അതു സംബന്ധമായി ഇവിടത്തെ ക്രൈസ്തവർക്ക് ചില അസ്വസ്ഥതകൾ ഉള്ളതായി ഗവണ്മെൻറിനു അറിയാമോ?

Mr. G. Narayanan Tampi: ക്രൈസ്തവർക്കെല്ല അക്കാര്യത്തെ അസ്വസ്ഥതകളുള്ളതായി ഗവണ്മെൻറിനു അറിവില്ല.

Mr. A. N. Satyanesan: രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടക്കുന്ന ഗൗരവമേറിയ രാഷ്ട്രീയസ്ഥിതികളെപ്പറ്റി യഥാകാലം ഗവണ്മെൻറിനു അറിവു ലഭിക്കുന്നില്ല എന്നാണോ ഈ പറഞ്ഞതിൽനിന്നും മനസ്സിലാക്കേണ്ടതു?

Mr. G. Narayanan Tampi: ഇപ്പറഞ്ഞതിൽനിന്നു മെംബർ അങ്ങിനെയാണു മനസ്സിലാക്കുന്നതെങ്കിൽ അതിനു വിരോധമില്ല.

President: Order, order. So far as the information at the disposal of Government goes, nothing very serious or subversive has been attempted by this All-India Christian Federation. If

LIBRARY ARCHIVES Kerala Legislative Assembly

they really start any unconstitutional or aggressive activities, Government will, undoubtedly, take notice of it. But so far, no such activities have come to their notice.

Grants given to Y. M. C. As. and Y. W. C. As.

30. *Mr. A. N. Satyanesan : Will the Government be pleased to state the total amounts of grants given to :

(a) Y. M. C. As and

(b) Y. W. C. As.

in the State in 1944 ?

Mr. G. Narayanan Tampi : (a) Rs. 3,230.

(b) Rs. 360.

Mr. A. N. Satyanesan : ഈ ഗ്രാന്റ് എത്രകാലം മുതൽ നൽകിവരുന്നു എന്നു പറയാമോ?

Mr. G. Narayanan Tampi : തൽക്കാലം പറയാൻ നിവൃത്തിയില്ല. ആവശ്യപ്പെട്ടാൽ പറയാം.

Mr. A. N. Satyanesan : വാർഷികമായ ഗ്രാന്റു കൊടുക്കുന്ന ഓരോ വർഷത്തിലും ആ സ്ഥാപനങ്ങൾ രാഷ്ട്രീയമായ കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ടോ എന്നു അന്വേഷിച്ചിട്ടല്ലേ ഗ്രാന്റു കൊടുക്കുന്നതു?

Mr. G. Narayanan Tampi : ഗ്രാന്റു കൊടുക്കുന്ന ഓരോ വർഷത്തിലും, ഗ്രാന്റു കൊടുക്കുവാൻ അർഹതയുണ്ടോ എന്നു അന്വേഷിച്ചുകൊണ്ടാണു് അതു കൊടുക്കുന്നതു്.

Mr. A. N. Satyanesan : ഇത്തരം സാമൂഹ്യസ്ഥാപനങ്ങൾ രാഷ്ട്രീയകാര്യങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. G. Narayanan Tampi : പ്രത്യക്ഷമായ കാര്യങ്ങളിൽ ബന്ധപ്പെടുന്നുവെങ്കിൽ അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടും. പരോക്ഷമായുള്ള കാര്യങ്ങളിൽ സാധാരണ ശ്രദ്ധിക്കാറില്ല.

Mr. A. N. Satyanesan : ഈ സ്ഥാപനങ്ങൾ പ്രത്യക്ഷമായ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടിട്ടുള്ളതായി ഗവണ്മെന്റു ഇതുവരെ അറിഞ്ഞിട്ടില്ലേ?

Mr. G. Narayanan Tampi : ആരിടപെടുന്നു എന്നുള്ളതിനെപ്പറ്റി പറയാത്തതുകൊണ്ടു് ഇതിനു മറുപടി പറയുവാൻ നിവൃത്തിയില്ല.

President : Does the honourable member suggest that the Y. M. C. A. and the Y. W. C. A. are undertaking political work? So far as I know, they do not.

LIBRARY ARCHIVES Kerala Legislative Assembly